# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5590 — 06/07/2012-ൽ മറുപടിക്ക്

## വനാന്തരങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വി.പി. സജീന്ദ്രൻ<br>,, ലൂഡി ലൂയിസ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പൂർണ്ണ സമ്മതത്തോടും സഹകരണത്തോടും മാത്രം വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | എ | വന്യമൃഗ സങ്കേതങ്ങളിൽ (Critical Wild Life Habitat) താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് വനാവകാശ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ച് അവരുടെ പൂർണ്ണ സമ്മതത്തോടും, സഹകരണത്തോടും മാത്രം പുനരധിവസിപ്പിക്കുന്നതാണ്. |
| ബി | ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം? | ബി | ഇതിനായി വനാവകാശ നിയമത്തിലെ സെക്ഷൻ 4 (2) (എഫ്) ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പുനരധിവാസ പാക്കേജ് പൂർത്തിയാക്കിയ ശേഷം മാത്രം പട്ടികവർഗ്ഗക്കാരെ വനാന്തരങ്ങളിൽ നിന്നും പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ